"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയം ഭരണ വകുപ്പ്- അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ- പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനായി ഇന്റേൺസിനെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2288/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/11/2021

---

പരാമർശം:-
1. 16.07.2021 തീയതിയിലെ സ.ഉ.(കൈ) നം.145/2021/തസ്വഭവ
2. 11.02.2021 തീയതിയിലെ സ.ഉ.(കൈ) നം.29/2021/ധന
3. അതിദാരിദ്ര്യ സർവ്വേ സെൽ സ്റ്റേറ്റ് നോഡൽ ഓഫീസറുടെ 04.10.2021, 26.10.2021 എന്നീ തീയതികളിലെ 8570/ഇപിഎസ്1/2021/സിആർഡി നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം സംസ്ഥാനത്ത് അതീവ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിന് സംസ്ഥാന വ്യാപകമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ നടത്തേണ്ട സർവ്വേയ്ക്ക് ആവശ്യമായ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിരുന്നു.

2.അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനായി സാമൂഹ്യ പ്രതിബദ്ധതയും, സേവനതല്പരതയും, ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ള രണ്ടു ഇന്റേൺസിനെ പ്രതിമാസം 10,000/-രൂപ യാത്രാചിലവിനത്തിൽ നൽകി മൂന്നു മാസകാലയളവിലേയ്ക്ക് നിയമിക്കാൻ വേണ്ട അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം അതിദാരിദ്ര്യ സർവ്വേ സെൽ സ്റ്റേറ്റ് നോഡൽ ഓഫീസർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനായി സാമൂഹ്യ പ്രതിബദ്ധതയും, സേവനതല്പരതയും, ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ള രണ്ടു ഇന്റേൺസിനെ പ്രതിമാസം 10,000/-രൂപ യാത്രാ ചിലവിനത്തിൽ നൽകി മൂന്നു മാസകാലയളവിലേയ്ക്ക് നിലവിലുള്ള താത്കാലിക നിയമന

## File No.LSGD-IA1/314/2021-LSGD

മാനദണ്ഡനങ്ങൾക്കനുസൃതമായി നിയമനം നടത്താൻ അനുമതി നൽകി ഉത്തരവാകുന്നു.

ഇതിനാവശ്യമായ ചെലവ് ഡി.ആർ.ഡി.എ അഡ്മിൻ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

അതിദാരിദ്ര്യ സർവ്വേ സെൽ സ്റ്റേറ്റ് നോഡൽ ഓഫീസർ, സി.ആർഡി, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ, ഐ&പിആർഡി
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (File no.IA1/314/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by Vijitha M B
Date: 17-11-2021 11:36:23
Reason: Approved
സെക്ഷൻ ഓഫീസർ